# പതിനാലാം കേരള നിയമസഭ
## (ഒന്നാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:981 11/07/2016-ൽ മറുപടിയ്ക്ക്

## ഫിഷറീസ് മാനേജ്മെന്റ് ഉപദേശകസമിതി രൂപീകരണം

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ: | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പ് മന്ത്രി): | |
|---|---|---|---|
| എ) | കേരളാ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടനുസരിച്ചുള്ള സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശകസമിതി നാളിതുവരെ രൂപീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | ഉൾനാടൻ മത്സ്യമേഖലയുടെ സുസ്ഥിര വികസനം, സംരക്ഷണം, പരിപാലനം, ഉത്തരവാദിത്തപരമായ ജലകൃഷി വികസനം, മത്സ്യതൊഴിലാളികളുടെ ഉപജീവന സുരക്ഷ എന്നിവയ്ക്കായി പര്യാപ്തമായ നിലയിൽ പ്രസ്തുത സമിതി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ? | ബി) | 2013-ൽ നിലവിൽ വന്ന കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ അനുസരിച്ചുള്ള വിവിധ സമിതികൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ മുൻ സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിരുന്നതാണെങ്കിലും ടി ഫയലിൽ തീരുമാനമെടുക്കാതെ തിരിച്ചയക്കുകയാണുണ്ടായത്. പുതിയ സർക്കാർ അധികാരമേറ്റെടുത്ത സാഹചര്യത്തിൽ ചട്ട പ്രകാരമുള്ള സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശക-സമിതി രൂപീകരിക്കുന്ന കാര്യത്തിൽ ഉടൻ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ആഫീസർ